**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. P. Rajeeve (നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തുന്നതിന് കിൻഫ്രയും, ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി KINFRAയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ കീഴിലുള്ള ITPO യുമായി ചേർന്ന് സംയുക്ത സംരംഭമായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ ITPO യുടെ വിഹിതം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ പദ്ധതിയിൽപ്പെടുത്തിയാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതി വിഹിതം ITPO ക്ക് ലഭിക്കുന്ന മുറക്ക് മാത്രമേ പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി KINFRAയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ കീഴിലുള്ള ITPO യുമായി ചേർന്ന് സംയുക്ത സംരംഭമായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ ITPO യുടെ വിഹിതം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ പദ്ധതിയിൽപ്പെടുത്തിയാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതി വിഹിതം ITPO ക്ക് ലഭിക്കുന്ന മുറക്ക് മാത്രമേ പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ